അതുപോലെതന്നെയാണ് എം. എൽ. എ. റോഡിന്റെ കാര്യവും. എം. എൽ. എ. റോഡുകളുടെ എസ്റ്റിമേറ്റ് പൂർത്തിയായിയെങ്കിലും അതിന്റെ ടെൻഡർ വിളിക്കുകയോ അതിന്റെ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. പട്ടാമ്പിയിൽ ഇപ്പോഴും നിലനിൽക്കുന്ന ഒരു പി.ഡബ്ലിയു.ഡി. ഓഫീസുണ്ട്. ആ ഓഫീസുപോലും അവിടെ നിന്ന് മാറുന്നതിനാവശ്യമായ നീക്കങ്ങളും നടക്കുന്നുവെന്നാണറിയുന്നത്. പി. ഡബ്ലിയു. ഡി. ക്കാർ പൊതുവെ ഏറെറടുത്ത വർക്കുകളും നടത്തുന്നില്ല. എം. എൽ. എ. റോഡുകളെന്ന നിലയിൽ ഉൾപ്പെടുത്തി ഏറെറടുക്കേണ്ട റോഡുകളുടെ പ്രവർത്തനങ്ങളും വേണ്ടവിധത്തിൽ ധൃതഗതിയിൽ മുന്നോട്ടു പോകുന്നില്ല. ഓഫീസ് മാറാനുള്ള ശ്രമങ്ങളും നടക്കുന്നു. മൊത്തത്തിൽ ആ പ്രദേശത്തോട് ഒരവഗണനയുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ആ പ്രദേശത്തെ നാട്ടുകാർ മുഴുവനുമായി മുസ്ലീംലീഗും കോൺഗ്രസുകാരുമടക്കം സർവ്വകക്ഷി സമ്മേളനം നടത്തി ഒരു വലിയ സമരത്തിന് ഒരുക്കം കൂട്ടിയിരിക്കുകയാണ്. അടിയന്തിരമായി ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ പതിയുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഓഫീസ് മാറ്റവും ഈ പ്രവർത്തനങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഞാൻ ആദ്യമായി പറയുകയാണ്. അദ്ദേഹം പറഞ്ഞ റോഡിന്റെ കൊപ്പം-വേങ്ങാട്ടിരി റോഡിന്റെ അനുമതി 1982-ൽ നൽകിയിട്ടുള്ളതാണ്. 1983-ൽ അതിന്റെ പ്രവർത്തനം ആരംഭിച്ചു. 1985 ഏപ്രിലിൽ ജോലി തുടർന്നു നടത്താൻ തയ്യാറാകാത്ത പിൻമാറിയിരിക്കുകയാണ്. അതുവരെ അവിടെ ഓഫീസുണ്ടായിരുന്നു. ഓഫീസ് ഇല്ലാത്ത കുഴപ്പമില്ല. ആ കരാറുകാരൻ 1985-ൽ വർക്ക് ഇട്ടിട്ടുപോയി. അതിനുശേഷം അദ്ദേഹത്തെക്കൊണ്ട് അത് നടത്തിപ്പിക്കാൻ സാധിക്കുമോയെന്നുള്ള പരിശ്രമത്തിലായിരുന്നു. നടത്താൻ സാദ്ധ്യമല്ലെന്നു മനസിലായി. 30 ശതമാനം വർക്കുമാത്രമേ തീർന്നിട്ടുള്ളു. മറ് ഏർപ്പാടുകളെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

പിന്നെ എം. എൽ. എ. റോഡിന്റെ കാര്യം പറഞ്ഞു. പട്ടാമ്പി-വെറൈറി നറി ഹോസ്പിറൽ റോഡ് 13-3-1986-ൽ ഗവൺമെൻറ് ഏറെറടുത്തു. ഇതുവരെ അതിന് തടസമുണ്ടായിരുന്നു. ഇനിമേൽ ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതുപോലെതന്നെയാണ് ഓമല്ലൂർ-കാരക്കാട് റെയിൽവേസ്റ്റേഷൻ റോഡ്. പട്ടാമ്പി വെറൈറിനറി ഹോസ്പിറൽ റോഡ് ശങ്കരമംഗലം വഴി പോകുന്ന റോഡാണ്. മാർച്ചുമാസം പണി ഏറെറടുത്തിട്ടേയുള്ളു. മാർച്ചുമാസം ഏറെറടുത്ത റോഡിന്റെ പ്രവർത്തനം സ്തംഭനത്തിലാണെന്നു പറയാൻ പറ്റുകയില്ല. ഇനി ഇതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കും. മറെറാന്ന് നെല്ലായ്-മാമുണ്ടിക്കടവു റോഡാണ്. അത് ഏറെറടുത്തു നടത്തണമെന്ന് എം. എൽ. എ. നിർദ്ദേശിച്ചു. 27-3-1982-ൽ നെല്ലായ്-മാമുണ്ടിക്കടവ് റോഡ് ഏറെറടുത്തുനടത്തണമെന്ന് ഓർഡർ പുറപ്പെടുവിച്ചു. ഈ റോഡ് പകരം റോഡായി നിർദ്ദേശിച്ചതുസംബന്ധിച്ച് പണിക്കാവശ്യമായ എസ്റ്റിമേറ്റു തയ്യാറാക്കി ഗവൺമെൻറിലേക്ക് അയയ്ക്കുന്നതിന് ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിൽ സ്തംഭനം ഉണ്ടായിട്ടില്ല.

(4) പുനലൂർ പേപ്പർ മില്ലിലെ തൊഴിൽ സമരം

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുനലൂർ പേപ്പർ മില്ലിലെ തൊഴിലാളികളും അനുവേക്കുന്ന വളരെ ഗൗരവതരമായ ബുദ്ധിമുട്ടിനെക്കുറിച്ച് ആണ് ഞാൻ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

10 a.m. അതിന് മറുപടി പറയുന്ന തൊഴിൽ വകുപ്പുമന്ത്രി കൊല്ലം ജില്ലാക്കാരനാണ്, അദ്ദേഹത്തിനറിയാം ഈ കമ്പനിയുടെ സ്ഥിതി. മദ്ധ്യകേരളത്തിലെ ഏറ്റവും പഴക്കം ചെന്ന, ഏറ്റവും പ്രധാനപ്പെട്ട ഒരു കമ്പനിയാണ് ഇത്. ഏതാണ്ട് 1,500 ഓളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ആ കമ്പനിയെ മാത്രം ആശ്രയിച്ച് ആണ് ജീവിക്കുന്നത്. ഇന്ന് ആ കമ്പനിയിൽ ഒരു സമരം നടന്നുകൊണ്ടിരിക്കുകയാണ്. മാനേജ്മെന്റ് നേരത്തേ തീരുമാനിച്ചത് അനുസരിച്ച് ഒരു ദീർഘകാല കരാർ, തൊഴിലാളികളുമായി ചർച്ച ചെയ്ത് അംഗീകരിച്ച് നടപ്പാക്കാതെ ഇന്ന് മാനേജ്മെന്റ് ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചാണ് ഒരു സമരം കമ്പനിയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഏതാണ്ട് നൂറിയൻപത്, ഇരുന്നൂറോളം തൊഴിലാളികളെ സ്ഥിരപ്പെടുത്താത്തതു കാരണം അവർക്ക് ജോലി സ്ഥിരത ലഭിച്ചിട്ടില്ല. അവിടെ നിന്നു പിരിഞ്ഞുപോയ—1978 മുതൽ പിരിഞ്ഞുപോയ—ഏതാണ്ട് ഇരുനൂറൻപത്, മുന്നൂറോളം തൊഴിലാളികൾക്ക് ഇതുവരെ ഗ്രാറ്റുവിറ്റിയും പ്രോവിഡൻറ് ഫണ്ടും ലഭിച്ചിട്ടില്ല. ഇത്രയും നാൾ ഒരു കമ്പനിയിൽ പണിയെടുത്തതിനുശേഷം അവിടെനിന്ന് പിരിഞ്ഞുപോയി, ആ തുക മേടിച്ച് മറ്റ് കാര്യങ്ങളെന്തെങ്കിലും ചെയ്യാമെന്ന് ആഗ്രഹിച്ചിരിക്കുന്ന എത്രയോ കുടുംബങ്ങൾ ഇന്ന് പട്ടിണിയിലാണ്. അതുകൊണ്ട് ദീർഘകാല കരാർ അടിയന്തിരമായി നടപ്പാക്കണം. ഗവൺമെൻറ് ഈ ഗുരുതരമായ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടണം. അവിടെ നടന്നുകൊണ്ടിരിക്കുന്ന ആ സമരം ഒത്തുതീർപ്പിലാക്കണം. താല്ക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണം. അവർക്ക് വേണ്ടുന്ന മുഴുവൻ നടപടികളും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉടനടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, പുനലൂർ പേപ്പർ മില്ലിൽ—സമരമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് എന്നറിയില്ല—ഒരു ധർണ്ണ ആഫീസിനു മുമ്പിൽ നടക്കുന്നുണ്ട്. ഒരു ലോംഗ്ടേം സെറ്റിൽമെൻറ് എത്രയുംവേഗം ഉണ്ടാക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. ലോംഗ്ടേം സെറ്റിൽമെൻറിന്റെ കൺസിലിയേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. കൊല്ലത്ത് ഇന്ന് 10 മണിക്ക് കൺസിലിയേഷൻ വച്ചിട്ടുണ്ട്. എത്രയും വേഗം ആ കൺസിലിയേഷൻ നടപടികളും പൂർത്തിയാക്കി ഒരു സെറ്റിൽമെൻറ് ഉണ്ടാക്കുന്നതിന് ഗവൺമെൻറിനാകാവുന്ന എല്ലാ ശ്രമവും നടത്തിയിട്ടുണ്ട്. അതുപോലെതന്നെ സ്റ്റാറ്റ്യൂട്ടറി ബനിഫിറ്റ്സ് നൽകുന്നില്ല എന്നൊരു പരാതിയുണ്ട്. ഞാൻതന്നെ വിളിച്ചു കൂട്ടിയ ഒരു കോൺഫറൻസിൽ എത്രയും വേഗം അത് നൽകണമെന്ന് അവരോട് ആവശ്യപ്പെട്ടിരുന്നതാണ്. അത് നൽകുന്നതിനാവശ്യമായ സമ്മർദ്ദം ഗവൺമെൻറിൽനിന്നും ചെലുത്തുന്നതുമാണ്.

(5) മറയല്ലൂർ, കാന്തല്ലൂർ, വട്ടവട പ്രദേശത്തെ വരൾച്ച

ശ്രീ. ജി. വരദൻ: சார், மதிப்பிற்குரிய ரெவன்யூ அமைச்சர் அவர்களுடைய கவனத்திற்காக நான் சிலவற்றை கூற விரும்புகிறேன். வட்டவடை, காந்தலூர், மறையூர் என்று மூன்று பஞ்சாயத்துகள் உள்ளன. இந்த மூன்று பஞ்சாயத்துகளிலும் மழை இல்லாததினால் அங்கு செய்யப்பட்ட விவசாயங்கள் எல்லாம் பாழாகி விட்டன. ஆகையால் அங்குள்ள விவசாயிகள் மிகவும் கஷ்டப்படுகிறார்கள். அவர்கள் வங்கிகளிலிருந்தும் கோவாப்பரேட்டிவ் சொஸைட்டிகளிலிருந்தும் தேசியமயமாக்கப்பட்ட பேங்குகளிலிருந்தும் கடன் வாங்கின பணத்தை திருப்பி அடைக்க முடியாமல் கஷ்டப்படுகிறார்கள். அவர்களுக்கு

LIBRARY ARCHIVES Kerala Legislative Assembly